- വിലപിടിപ്പുള്ള ഉപകരണങ്ങളും വസ്ത്രങ്ങളും, കട്ടിൽ, മേശ എന്നിവയുടെ മുകളിൽ വയ്ക്കുക.
- വീടുമായുള്ള വൈദ്യുതി ബന്ധം വിഛേദിക്കുക.
- വൈദ്യുത ഉപകരണങ്ങൾ ഏറ്റവും ഉയരത്തിൽ വയ്ക്കുക.
- കക്കൂസ്, കുളിമുറി, ഓടകൾ എന്നിവിടങ്ങളിൽ മണൽ നിറച്ച ചാക്ക് ഇടുക. പുറമെ നിന്നുള്ള അഴുക്ക് അകത്തേക്ക് കയറുന്നത് തടയുന്നതിനാണിത്.



- എത്രയും വേഗം വാതിൽ പൂട്ടി അടുത്തുള്ള സുരക്ഷിത സ്ഥാനത്തേക്ക് നീങ്ങുക.
- ഒഴുക്കുള്ള വെള്ളം, വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഇറങ്ങരുത്.
- ആറ് ഇഞ്ച് എങ്കിലും ഘനത്തിൽ ഒഴുകുന്ന വെള്ളത്തിന് നിങ്ങളെ വീഴ്ത്താൻ സാധിക്കും ആയതിനാൽ വെള്ളത്തിലൂടെ നടക്കേണ്ടി വന്നാൽ ഒഴുക്കില്ലാത്തഭാഗം തെരഞ്ഞെടുക്കുക. മുന്നിലുള്ള തറയുടെ ഉറപ്പ് നോക്കുന്നതിനായി ഒരു വടികരുതുക. വെള്ളപ്പൊക്ക പ്രദേശത്ത് വാഹനം ഓടിക്കുന്നത് കഴിവതും ഒഴിവാക്കുക. നിങ്ങളുടെ വാഹനത്തിന് ചുറ്റും വെള്ളം ഉയർന്നാൽ വാഹനം ഉപേക്ഷിച്ച് അടുത്തുള്ള ഉയർന്ന പ്രദേശത്ത് അഭയം തേടുക ഒഴുക്കുള്ള വെള്ളത്തിലാണ് വാഹനം എങ്കിൽ അതിനുള്ളിൽ ഇരിക്കുക വാഹനത്തിനുള്ളിലേക്ക് വെള്ളം കയറുന്നുവെങ്കിൽ വാഹനത്തിന്റെ മുകളിൽ അഭയം തേടുക.

## വെള്ളപ്പൊക്കത്തിനു ശേഷം

- റേഡിയോ/ടി.വി എന്നിവയിലൂടെ ലഭിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുക.
- കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കളിക്കാൻ കുട്ടികളെ അനുവദിക്കരുത്.
- വെള്ളത്തിൽ ഇറങ്ങുന്നത് ഒഴിവാക്കുക. ഇറങ്ങേണ്ടിവന്നാൽ കാലിൽ ആവശ്യമായ പാദരക്ഷകൾ ധരിക്കുക. വെള്ളത്തിന്റെ ആഴം, ഒഴുക്ക് എന്നിവ ശ്രദ്ധിക്കുക.
- വെള്ളത്താൽ ചുറ്റപ്പെട്ട കെട്ടിങ്ങളിൽ നിന്ന് അകന്ന് നിൽക്കുക.
- വൈദ്യുത ഉപകരണങ്ങൾ അവയുടെ അപകട സാധ്യത ഒഴിവായശേഷം മാത്രം ഉപയോഗിക്കുക.
- വെള്ളപ്പൊക്കത്തിൽപ്പെട്ട് കുതിർന്ന ഭക്ഷണങ്ങൾ കഴിക്കരുത്.
- ടാപ്പിൽ നിന്നും ലഭിക്കുന്ന വെള്ളം തിളപ്പിച്ചതിനു ശേഷം മാത്രം ഉപയോഗിക്കുക.
- വെള്ളപ്പൊക്ക സമയത്ത് സർപ്പദംശനം സർവ്വസാധാരണമാണ്. ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പുലർത്തുക.



**State Emergency Operations Centre (SEOC)**
**State Disaster Management Authority,**
**Dept. of Revenue and Disaster management, Govt. of Kerala**
**Tel : 0471 2364424 / Web : www.disasterlesskerala.org**

**Contact Address**
**ILDM, PTP Nagar, Thiruvananthapuram - 695 038**

# വെള്ളപ്പൊക്കം

## ജാഗ്രതാ നിർദ്ദേശങ്ങൾ




## കാലാവസ്ഥാ വ്യതിയാന ദുരന്ത സാധ്യതാ ലഘുകരണ പരിപാടി

### പങ്കാളികൾ

# വെള്ളപ്പൊക്കം

ഒരു പ്രദേശത്തെ മുഴുവനും വെള്ളത്തിനടിയിലാക്കുന്ന പ്രതിഭാസമാണ് വെള്ളപ്പൊക്കം. തുടർച്ചയായി പെയ്തിറങ്ങുന്ന ശക്തമായ മഴമൂലം കായലുകളും, നദികളും കരകവിഞ്ഞൊഴുകി അത്യാഹിതങ്ങൾ സംഭവിക്കുന്നു. ചുഴലിക്കാറ്റും, സുനാമിപോലുള്ള പ്രകൃതിക്ഷോഭങ്ങളും വെള്ളപ്പൊക്കത്തിന് കാരണമാകാറുണ്ട്. പർവ്വതങ്ങളിലെ മഞ്ഞുരുകി നദികൾ നിറയുന്നതുവഴിയും, ജല സംഭരണികൾ തുറന്നുവിടുന്നതിലൂടെയും ഇതു സംഭവിക്കാം.



കേരളത്തിൽ ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളിൽ ഏറ്റവും കൂടുതൽ നാശനഷ്ടങ്ങൾ വരുത്തുന്ന ഒന്നാണ് വെള്ളപ്പൊക്കം. നമ്മുടെ സംസ്ഥാനത്തിന്റെ 14.8 ശതമാനം പ്രദേശങ്ങളിൽ കാലവർഷ സമയത്ത് വെള്ളപ്പൊക്കം ഉണ്ടാകാൻ സാധ്യതയുണ്ട് എന്ന് കണക്കാക്കിയിരിക്കുന്നു.

## ജാഗ്രതാ നിർദ്ദേശങ്ങൾ

### വെള്ളപ്പൊക്കം ഉണ്ടാകുന്നതിനു മുമ്പ്

- വെള്ളപ്പൊക്കം ഉണ്ടായാൽ സുരക്ഷിത സ്ഥലത്തേക്ക് പോകേണ്ട വഴികൾ കുടുംബാംഗങ്ങൾ എല്ലാവരും മനസ്സിലാക്കിവയ്ക്കുക.



- മണൽ ഭിത്തികൾ വെള്ളപ്പൊക്കത്തിൽ തകരാൻ സാധ്യതയുള്ളതിനാൽ, വെള്ളപ്പൊക്ക ഭീഷണിയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ സിമന്റും ഇഷ്ടികയും കൊണ്ടുള്ള ഉറപ്പേറിയ ഭിത്തികൾ നിർമ്മിക്കുക.
- അടുപ്പുകൾ, വാട്ടർ ഹീറ്റർ, വൈദ്യുത പാനലുകൾ എന്നിവ ഉയർത്തി സ്ഥാപിക്കുക.
- അത്യാവശ്യഘട്ടങ്ങളിൽ ഉപയോഗിക്കാൻ എമർജൻസി കിറ്റ് കരുതുക. അവയിൽ താഴെപറയുന്ന സാധനങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.



- കൊണ്ടുനടക്കാവുന്ന റേഡിയോ, ടോർച്ച്, ബാറ്ററികൾ, ശുദ്ധജലം, ഭക്ഷണസാധനങ്ങൾ (ബിസ്കറ്റ്, റൊട്ടി) പഞ്ചസാര, ഉപ്പ്, മണ്ണെണ്ണ, മെഴുകുതിരി, തീപ്പെട്ടി വിലകൂടിയ സാധനങ്ങൾ, വിലയേറിയ രേഖകൾ, വസ്ത്രങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനായ് പ്ലാസ്റ്റിക് ബാഗ്, കുട, പാമ്പുകളിൽ നിന്ന് രക്ഷനേടുന്നതിന് മുളവടി, പ്രഥമ ശുശ്രൂഷ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ എമർജൻസി കിറ്റിൽ ഉൾപ്പെടുന്നു

### വെള്ളപ്പൊക്കം ഉണ്ടാകാനുള്ള സാധ്യത മനസിലായാൽ




- റേഡിയോ, ടി.വി എന്നിവയിൽ വരുന്ന മുന്നറിയിപ്പ് ശ്രദ്ധിക്കുക.
- പരിഭ്രാന്തരാകാതിരിക്കുക, കിംവദന്തികൾ പരത്താതിരിക്കുക.
- ആവശ്യമായ ഭക്ഷണം, വെള്ളം, വസ്ത്രങ്ങൾ എന്നിവ തയ്യാറാക്കി വയ്ക്കുക.
- കൃഷി ആയുധങ്ങൾ വളർത്തുമൃഗങ്ങൾ എന്നിവയെ ഉയർന്ന സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റുക.



- വെള്ളപ്പൊക്കം ഉണ്ടായാൽ വീട്ടിൽ നിന്നും മാറ്റേണ്ട സാധനങ്ങൾ ഏതൊക്കെയെന്ന് തീരുമാനിക്കുക.

### വെള്ളപ്പൊക്ക സമയത്ത്

- തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുക.
- ഭക്ഷണ സാധനങ്ങൾ മൂടി വയ്ക്കുക, അമിത ഭക്ഷണം ഒഴിവാക്കുക.
- കട്ടൻചായ, കഞ്ഞിവെള്ളം, കരിക്കിൻവെള്ളം എന്നിവ ഉപയോഗിക്കുക.
- വയറിളക്കം ഉണ്ടായാൽ അടുത്തുള്ള ആരോഗ്യ കേന്ദ്രവുമായി ബന്ധപ്പെട്ട് ഒ.ആർ.എസ് ലായനി ലഭ്യമാക്കുക.
- ബ്ലീച്ചിംഗ് പൗഡർ അല്ലെങ്കിൽ ചുണ്ണാമ്പ് ഉപയോഗിച്ച് പരിസരം വൃത്തിയാക്കുക.
- അധികാരികളേയും, സന്നദ്ധ പ്രവർത്തകരേയും രക്ഷാപ്രവർത്തനങ്ങളിൽ സഹായിക്കുക.

### സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറേണ്ടിവന്നാൽ

- ചൂട് നൽകുന്ന വസ്ത്രങ്ങൾ, അത്യാവശ്യ മരുന്നുകൾ, വിലപിടിപ്പുള്ള വസ്തുക്കൾ, വിലയേറിയ രേഖകൾ എന്നിവ പ്ലാസ്റ്റിക് കവറുകളിൽ പൊതിഞ്ഞ് എമർജൻസി കിറ്റിനോടൊപ്പം എടുക്കുക.
- നിങ്ങൾ പോകുന്ന സുരക്ഷിത സ്ഥലത്തെപ്പറ്റി പ്രാദേശിക സന്നദ്ധ പ്രവർത്തകരെ അറിയിക്കുക.

